പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1343 02.05.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യുടെ വാണിജ്യ സമുച്ചയങ്ങൾ

ചോദ്യം

ശ്രീമതി.പി. അയിഷാ പോറ്റി

ഉത്തരം

ശ്രീ. തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കെ.എസ്.ആർ. ടി.സി. വക സ്ഥലങ്ങളിൽ നിർമ്മാണം ആരംഭിച്ചതും പൂർത്തീകരിക്കാത്തതുമായ വാണിജ്യ സമുച്ചയങ്ങളുടെ വിശദാംശങ്ങൾ നൽകുമോ; | (എ) | ഹരിപ്പാട്, മൂവാറ്റുപുഴ, തൊടുപുഴ, മലപ്പുറം, പത്തനംതിട്ട, നിലമ്പൂർ എന്നിവയാണ് കെ.എസ്.ആർ.ടി.സി. വക സ്ഥലങ്ങളിൽ നിർമ്മാണം ആരംഭിച്ചതും പൂർത്തീകരിക്കാത്തതുമായ വാണിജ്യ സമുച്ചയങ്ങൾ. |
| (ബി) | പ്രസ്തുത വാണിജ്യ സമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ; | (ബി) | മേൽ സൂചിപ്പിച്ച എല്ലാ സ്ഥലങ്ങളിലേയും ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ഘട്ടം ഘട്ടമായി കടമുറികൾ ലേലം ചെയ്ത് ലഭിക്കുന്ന പലിശ രഹിത മൂലധന നിക്ഷേപത്തുക കിട്ടുന്ന മുറയ്ക്ക് വാണിജ്യ സമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു. |
| (സി) | പൂർത്തീകരിച്ച വാണിജ്യ സമുച്ചയങ്ങളിൽ നിന്നും കെ.എസ്.ആർ. ടി.സി.യ്ക്ക് ലഭിക്കുന്ന പ്രതിമാസ വരുമാനം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | കാസർഗോഡ്, പയ്യന്നൂർ, കണ്ണൂർ, കൊട്ടാരക്കര, നെടുമങ്ങാട്, നെയ്യാറ്റിൻകര, കാട്ടാക്കട എന്നീ വാണിജ്യ സമുച്ചയങ്ങളിൽ നിന്നും പ്രതിമാസ ലൈസൻസ് ഫീസ് ആയി 16,53,414/- രൂപ ലഭിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ